# ഫോൺ ചോർത്തട്ടെ, എല്ലാവരുടെയും

**ദൽഹിയിൽ** മിക്കവാറുമെല്ലാ പത്രക്കാരുടെയും ഫോണുകളിൽ ഇടക്കൊക്കെ അസാധാരണമായ ഒരു മുഴക്കം കേൾക്കും. പതിവില്ലാത്ത വിധം ആ സമയത്ത് സംഭാഷണം വ്യക്തമായി കേൾക്കാനും കഴിയും. വിദേശരാജ്യങ്ങളിലേക്കാണ് വിളിയെങ്കിൽ ഈ പ്രതിഭാസം ഉറപ്പ്. പക്ഷെ ആദ്യത്തെ തവണ ഡയൽ ചെയ്യുമ്പോൾ നമ്പർ ലഭിച്ചു കൊള്ളണമെന്നില്ല. ഒന്നു കട്ടായി വീണ്ടും നല്ല 'ക്ലിയറുള്ള' ലൈൻ ലഭിക്കും. ഇതെകുറിച്ച് സാധാരണ പറയാറുള്ളത് 'റോ'യുടെ ഫോൺചോർത്തലാണ് ആ സമയത്ത് നടക്കുന്നതെന്നാണ്. ഇടക്കിടെ ചില ബീപ് ശബ്ദങ്ങളോടെയുള്ള ഒരുതരം അസ്വസ്ഥത ടെലിഫോണിൽ കേൾക്കാനുണ്ടെങ്കിൽ അത് ഐ.ബിയുടെ ഏമാൻമാർ ചോർത്തുന്നതാണ്. അവരുടെ ഉപകരണങ്ങൾ 'റോ'യുടേതു പോലെ അത്രക്ക് മികച്ചവയല്ല. ഇടക്ക് ലൈൻ കട്ടാവുമ്പോൾ അവർ ഉപകരണം മാറ്റിഘടിപ്പിക്കുന്നത് തിരിച്ചറിയാൻ കഴിയും. ദൽഹി പോലിസിന്റെ ചോർത്തൽ നേർക്കുനേരെ മനുഷ്യാധ്വാനത്തോടെയാണ് നടക്കുന്നത്. ആ സമയത്ത് പശ്ചാത്തലത്തിൽ ടെലിഫോണിലൂടെ ഹിന്ദിഭാഷയിലെ ചില തെറിവാക്കുകളും കശപിശകളും ഇടതടവില്ലാതെ കേൾക്കാനാവും. അതുകൊണ്ട് മിക്ക പത്രക്കാരുടെ സംസാരങ്ങളും 'ഏമാൻമാർക്ക് നല്ല നമസ്കാരം' പറഞ്ഞുകൊണ്ടാണ് അവസാനിപ്പിക്കാറുള്ളതും.

ചില രാഷ്ട്രീയ നേതാക്കളുടെ ഫോൺ ചോർത്തിയ സംഭവം വലിയ കോലാഹലം സൃഷ്ടിച്ചിരിക്കുകയാണല്ലോ. തന്റെ സർക്കാർ ആരുടെയും ഫോൺ ചോർത്താൻ അനുവാദം നൽകിയിട്ടില്ലെന്ന് പാർലമെന്റിൽ കേന്ദ്ര ആഭ്യന്തരമന്ത്രി പറയുമ്പോൾ അതിന്റെ ഗൗരവം വളരെ വ്യക്തമാണ്. പുറംലോകത്ത്, അതായത് ഈ വിവാദം പുറത്തുകൊണ്ടു വന്ന *ഔട്ട്ലുക്ക്* വാരിക ഉൾപ്പടെയുള്ളവർക്ക്, വ്യക്തമായ തെളിവില്ലെന്ന് ചിദംബരത്തിന് നല്ല ബോധ്യമുണ്ട്. ബി.ജെ.പി സർവശക്തിയും സംഭരിച്ച് ഗവൺമെന്റിനെതിരെ രംഗത്തുണ്ടെങ്കിലും സർക്കാറിനെ അട്ടിമറിക്കാൻ തക്ക കരുത്ത് ഇതെഴുതുന്നതു വരെ ഈ വിവാദത്തിന് കൈവന്നിട്ടില്ല. അതേസമയം ടെക്നോളജി ഇത്രകണ്ട് വിപുലമായ ഇന്നത്തെ അവസ്ഥയിൽ ഇന്റർനെറ്റ് ഉപയോഗിച്ച് ആർക്കും ആരുടെയും ഫോൺ ചോർത്താവുന്ന സാഹചര്യവും ഉയർന്നുവരുന്നുണ്ട്. ഇംഗ്ലണ്ടിലെ ചില പത്രപ്രവർത്തകർ അവിടത്തെ ചില പ്രമുഖരുടെ ഫോൺ ചോർത്തി വാർത്തകൾ നൽകുന്നത് ഈയിടെ പുറത്തുവന്നിരുന്നു. *ഔട്ട്ലുക്ക്* വാരിക പറഞ്ഞത് നൂറു ശതമാനം സത്യമായിരിക്കും. പക്ഷെ നമ്മുടെ രാഷ്ട്രീയക്കാർ ഇത്തരം സാഹചര്യങ്ങൾ മുൻകൂട്ടി കണ്ട് രേഖകളിൽ തെളിവ് അവശേഷിപ്പിക്കാതെ രക്ഷപ്പെടുന്നതിലും സമർഥന്മാരാണ്. ചിദംബരത്തിനെ സുഖിപ്പിക്കാൻ രഹസ്യപ്പോലിസുകാർ ഈ പ്രവൃത്തി ചെയ്യുന്നുണ്ടെന്ന് വിചാരിക്കുക. ഏറിയാൽ വാക്കാൽ അനുമതി തേടുമെന്നല്ലാതെ മന്ത്രിയെകൊണ്ട് ഫയലിൽ ഒപ്പിടുവിച്ചൊന്നുമല്ല ഇതൊക്കെ ഒപ്പിക്കുന്നത്.

അമേരിക്കയിലും മറ്റും ഫോൺ സംഭാഷണങ്ങളും തനിയെ റെക്കോർഡു ചെയ്യപ്പെടുന്നുണ്ട്. ഈ സംഭാഷണങ്ങളിൽ ചില പ്രത്യേക വാക്കുകൾ അധികമായി ഉപയോഗിക്കുന്നുണ്ടെങ്കിലാണ് അവ കമ്പ്യൂട്ടർ ശ്രദ്ധയിൽ പെടുത്തുക. ഓരോ രാജ്യത്തും ഗൂഗിൾ ഉപയോഗിച്ച് പരിശോധിക്കുന്ന വെബ്സൈറ്റുകൾ ഏതൊക്കെയെന്ന് ഓരോ ദിവസവും കൃത്യമായി അവലോകനം ചെയ്യപ്പെടുന്നുണ്ട്. പക്ഷേ ഈ വക ശാസ്ത്രീയമായ രീതികൾ ഇന്ത്യയിൽ വല്ലാതെ ഇനിയും പ്രചാരത്തിലെത്തിയിട്ടില്ല. മുൻധാരണകളനുസരിച്ച് ചിലരുടെ ഫോണുകൾ സദാ ഒളിച്ചുകേൾക്കുക മാത്രമാണ് നടക്കുന്നത്. മുസ്‌ലിം സംഘടനാ രംഗത്ത് പ്രവർത്തിക്കുന്ന മിക്കവരും ഫോൺ ചോർത്തലിന്റെ അനിവാര്യമായ ഇരകളാണ്. അവരുടെ തമാശപോലും എങ്ങനെ വളച്ചൊടിക്കപ്പെടുമെന്നതിന് പാർലമെന്റ് കേസിലെ അനുഭവങ്ങൾ ഓർമിപ്പിക്കുന്നു. ഗീലാനി സ്വന്തം വീട്ടിലെ ഏതോ വഴക്കിനെ കുറിച്ച് സഹോദരനോട് ചോദിച്ച കാര്യമാണല്ലോ കശ്മീരി ഭാഷയിൽ വെള്ളം ചേർത്തി പാർലമെന്റ് ആക്രമണത്തിലെ ഗൂഢാലോനയുടെ തെളിവായി കോടതിയിൽ ഹാജരാക്കപ്പെട്ടത്.

രാഷ്ട്ര സുരക്ഷയുടെ കാര്യത്തിലും മറ്റും ഫോൺ ചോർത്തൽ ആവശ്യമാണെങ്കിൽ അത് വ്യക്തമായ രേഖകളും കൃത്യമായ നടപടിക്രമങ്ങളും അനുസരിച്ച് നടത്തുന്നത് തന്നെയാണ് നല്ലത്. പൊതുതാൽപര്യമനുസരിച്ച് ചോർത്തിയ രേഖകൾ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കുകയും വേണം. കുറ്റവാളികളെന്ന് വ്യക്തമായ ആളുകളുടെ കാര്യത്തിൽ, ഉദാഹരണത്തിന് അഭിനവ് ഭാരത്, സനാതൻ സൻസ്ത മുതലായവർ, കൃത്യമായി പോലിസ് ഫോണുകൾ ടാപ്പു ചെയ്യുന്നുണ്ടായിരുന്നെങ്കിൽ പല ദുരന്തങ്ങളും ഒഴിവാക്കാൻ കഴിയുമായിരുന്നു.

ചില 'പ്രത്യേക' വിഭാഗക്കാരുടെ ഫോണുകളിൽ മാത്രം ഉറക്കമിളച്ച് കാത്തിരിക്കുന്ന നേരം കൊണ്ട് സൻസ്തക്കാരെയും ആർഷഭാരതീയന്മാരെയും കൂടി ശ്രദ്ധിച്ചിരുന്നുവെങ്കിൽ മാധുരി ഗുപ്തയെയും കേണൽ പുരോഹിതിനെയുമൊക്കെ എന്നേ നമുക്ക് അകത്താക്കാമായിരുന്നു! എത്രയെത്ര സ്ഫോടനങ്ങളിൽ നിന്ന് രാജ്യത്തെ രക്ഷിക്കാമായിരുന്നു! ■